**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1336** **19-06-2024 - ൽ മറുപടിയ്ക്ക്**

**മണ്ണുത്തി - ഇടപ്പള്ളി ദേശീയപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 544 നാലുവരിപ്പാത നിർമ്മാണത്തിന്റെ ഭാഗമായി മണ്ണുത്തി - ഇടപ്പള്ളി ഭാഗത്തെ എല്ലാ പ്രവൃത്തികളും ദേശീയ പാതാ അതോറിറ്റിയുടെയും കരാർ കമ്പനിയുടെയും കരാർ പ്രകാരം പൂർത്തീകരിച്ചിട്ടുണ്ടോ; | (എ) | തൃശ്ശൂർ - അങ്കമാലി - ഇടപ്പള്ളി ദേശീയപാത 544 ന്റെ നിർമ്മാണം 22.09.2006 ന് ആരംഭിക്കുകയും 04.12.2011 ന് PCOD (Provisional Commerical Operation Date ) നൽകി 09.02.2012 ന് ടോൾ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിക്ക് 18.04.2016 COD (Commercial Operation Date) നൽകിയിരുന്നു. സർവ്വീസ് റോഡുമായി ബന്ധപ്പെട്ട പ്രവൃത്തികൾ, പുതുക്കാട് ഭാഗത്ത് സംരക്ഷണ ഭിത്തി, പുതുക്കാട് VUP (Vehicular Under Pass) എന്നിവ പൂർത്തിയാക്കാം എന്ന് വ്യവസ്ഥ ചെയ്തു കൊണ്ടാണ് PCOD /COD നൽകിയത്. ഈ വിഷയത്തിൽ നിർമ്മാണ കമ്പനിയും ദേശീയപാത അതോറിറ്റിയും തമ്മിലുള്ള ആർബിട്രേഷൻ നടന്നു വരുന്നതായി അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | കരാർ പ്രകാരമുള്ള സർവീസ് റോഡുകൾ, ബസ്സ് ബേകൾ, ബസ്സ് ഷെൽട്ടറുകൾ, അണ്ടർ പാസ്സേജുകൾ , സിഗ്നൽ സംവിധാനങ്ങൾ, ഡ്രെയിനേജുകൾ എന്നിവ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കൺസഷനയർ പൂർത്തിയാക്കാത്ത പ്രവൃത്തികൾ "Negative Change of Scope” ൽ ഉൾപ്പെടുത്തി ആർബിട്രേഷനിൽ തുക ആവശ്യപ്പെട്ടിട്ടുണ്ട്. ആർബിട്രേഷൻ ട്രിബ്യൂണലിന്റെ ഉത്തരവ് വന്ന ശേഷം കൺസഷനയറിൽ നിന്ന് തുക ഈടാക്കുന്നതാണ്. ഒപ്പം തൃശ്ശൂർ - അങ്കമാലി - ഇടപ്പള്ളി ഭാഗം 6 വരിയാക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കലും പുരോഗമിക്കുന്നു. പാത 6 വരിയാക്കുന്ന പദ്ധതിയിൽ നേരത്തെ പൂർത്തിയാക്കാതിരുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതാണ് എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (സി) | ഏങ്കിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ നടത്തുമോ; | (സി) | (ബി) പിരിവിന്റെ അതേ മറുപടി. |
| (ഡി) | പ്രസ്തുത റോഡിന്റെ കരാറിൽ ഉൾപ്പെടാത്തതും അത്യാവശ്യം വേണ്ടതുമായ പ്രവൃത്തികൾ | (ഡി) | (ബി) പിരിവിന്റെ അതേ മറുപടി. |

| | | | |
|---|---|---|---|
| | നടപ്പിലാക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ